**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5756** **08-07-2024 - ൽ മറുപടിയ്ക്ക്**

**ശക്തി സദൻ ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ ധർമ്മഗിരി വികാസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ശക്തിസദൻ വകുപ്പ് തലത്തിൽ ഏറ്റെടുക്കാൻ തീരുമാനിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (എ) | (എ) & (ബി)സ്ത്രീ ശാക്തീകരണം, സുരക്ഷ എന്നിവ ഉറപ്പ വരുത്തുന്നത് ലക്ഷ്യമിട്ടു കൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ‘’മിഷൻ ശക്തി പദ്ധതി’’ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ നിർദേശത്തിൽ മുൻപ് നടപ്പാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വധർ ഗ്രഹ്, ഉജ്ജ്വല ഹോം പദ്ധതികളെ ശക്തി സദൻ പദ്ധതിയായി സംയോജിപ്പിക്കുന്നതിനും, ടി ശക്തി സദനുകളുടെ പ്രവർത്തനം 01.04.2024 മുതൽ എൻ.ജി.ഒ.കളിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ എൻ.ജി.ഒ.കൾ മുഖേന നടപ്പാക്കുന്ന 9 ശക്തി സദനുകൾ ഉണ്ട്. ആയതിൽ കോതമംഗലം മണ്ഡലത്തിൽ ധർമ്മഗിരി വികാസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ശക്തിസദനും ഉൾപ്പെടുന്നു. ശക്തി സദനുകളുടെ പ്രവർത്തനം എൻ.ജി.ഒ.കളിൽ നിന്നും സംസ്ഥാന സർക്കാർ തലത്തിൽ ഏറ്റെടുക്കുന്നതിനുള്ള നിർദേശം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്വധർ ഗ്രഹ്, ഉജ്ജ്വല ഹോമുകളുടെ സംയോജനം പൂർത്തീകരിച്ച് ശക്തിസദനാക്കുന്നതിന്റെ ഭാഗമായി ടി സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ തലത്തിൽ ഏറ്റെടുക്കണമെന്നും കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ട്. |
| (ബി) | ശക്തിസദൻ ഏറ്റെടുക്കുന്നതിന്റെ ഉദ്ദേശ്യം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) & (ബി) സ്ത്രീ ശാക്തീകരണം, സുരക്ഷ എന്നിവ ഉറപ്പ വരുത്തുന്നത് ലക്ഷ്യമിട്ടു കൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ‘’മിഷൻ ശക്തി പദ്ധതി’’ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ നിർദേശത്തിൽ മുൻപ് നടപ്പാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വധർ ഗ്രഹ്, ഉജ്ജ്വല ഹോം പദ്ധതികളെ ശക്തി സദൻ പദ്ധതിയായി സംയോജിപ്പിക്കുന്നതിനും, ടി |

| | | | |
|---|---|---|---|
| | | | ശക്തി സദനുകളുടെ പ്രവർത്തനം 01.04.2024 മുതൽ എൻ.ജി.ഒ.കളിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ എൻ.ജി.ഒ.കൾ മുഖേന നടപ്പാക്കുന്ന 9 ശക്തി സദനുകൾ ഉണ്ട്. ആയതിൽ കോതമംഗലം മണ്ഡലത്തിൽ ധർമ്മഗിരി വികാസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ശക്തിസദനം ഉൾപ്പെടുന്നു. ശക്തി സദനുകളുടെ പ്രവർത്തനം എൻ.ജി.ഒ.കളിൽ നിന്നും സംസ്ഥാന സർക്കാർ തലത്തിൽ ഏറ്റെടുക്കുന്നതിനുള്ള നിർദേശം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്വധർ ഗ്രഹ്, ഉജ്ജ്വല ഹോമുകളുടെ സംയോജനം പൂർത്തീകരിച്ച് ശക്തിസദനാക്കുന്നതിന്റെ ഭാഗമായി ടി സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ തലത്തിൽ ഏറ്റെടുക്കണമെന്നും കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ട്. |
| (സി) | അതുമായി ബന്ധപ്പെട്ട് ഇനിയുള്ള നടത്തിപ്പ്, ഭരണ നിർവ്വഹണം, ഗ്രാന്റ് എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ വ്യക്തത വരുത്താമോ? | (സി) | (സി)സ്വധർ ഗ്രഹ്, ഉജ്ജ്വല ഹോമുകളുടെ സംയോജനം പൂർത്തിയാക്കുന്നതിനായി ടി സ്ഥാപനങ്ങളുടെ പ്രവർത്തനം എൻ.ജി.ഒ.കളിൽ നിന്നും വനിതശിശു വികസന വകുപ്പ് ഏറ്റെടുക്കുന്നതിനും, ടി സ്ഥാപനങ്ങളിൽ കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിനും 07.06.2024 ലെ സ.ഉ.(സാധാ)നം.192/2024/വശിവിവ പ്രകാരം അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത 9 സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ തലത്തിൽ പ്രവർത്തിപ്പിക്കുന്നതിന് സൗകര്യ പ്രദമായ കെട്ടിടം ലഭ്യമാക്കി, ഫണ്ട് ലഭ്യതയ്ക്കനുസൃതമായി, ടി സ്ഥാപനങ്ങൾ അതാത് ജില്ല വനിതശിശു വികസന ഓഫീസർമാരുടെ മേൽനോട്ടത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ശക്തി സദൻ പദ്ധതി നടത്തിപ്പിനുള്ള ഫണ്ട് 60:40 എന്ന കേന്ദ്ര സംസ്ഥാന വിഹിതത്തിലാണ് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ